നമ്പർ: എ1/കെ.ആർ.എസ്.എ 559/2010

കേരളാ റോഡ് സുരക്ഷാ അതോറിറ്റി
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 25.07.2011

പ്രേഷകൻ

റോഡ് സുരക്ഷാ കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ
തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം,
വയനാട്, കണ്ണൂർ, കാസർഗോഡ്
റോഡ് സേഫ്റ്റി ആർ & ഡി ടീം

സർ,

വിഷയം:- കേരളാ റോഡ് സുരക്ഷാ അതോറിറ്റി - ദശവൽസര പദ്ധതി 2011-2020 - സംബന്ധിച്ച്

സൂചന:-

2011-2020 ദശവൽസരം കേരള മോട്ടോർ വാഹന ദുരന്തങ്ങൾ ഇല്ലാതാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ഇതിന്റെ ഭാഗമായി കേരളത്തിന്റെ എല്ലാ മോട്ടോർ വാഹന ഇൻ ചെക്ക് പോസ്റ്റുകളിലും ഈ ദശവൽസരം കേരളത്തിൽ നടക്കുന്നതിന്റെ വിവരങ്ങൾ ഉള്ള ബോഡുകളും അതോടൊപ്പം കേരളത്തിലേക്ക് വരുന്ന എല്ലാ വാഹനങ്ങൾക്കും ലീഫ് ലെറ്റ് തയ്യാറാക്കി keep left, no rash overtaking, no drunken driving, no driving during sleepy situation no mobile use during driving തുടങ്ങി അത്യാവശ്യമായ കാര്യങ്ങൾ കൊടുക്കാവുന്നതാണ്. പോലീസിന്റെ ഹെൽപ്പ്

ലൈൻ നമ്പർ, ജില്ലകളിലെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നമ്പർ മുതലായവയും ഇതിൽ കാണിക്കാവുന്നതാണ്.

ബോർഡുകൾ നമ്മുടെ ഇൻ ചെക്ക് പോസ്റ്റിനോട് ചേർന്നും, വാഹനങ്ങളിൽ ഡ്രൈവർമാർക്കും, യാത്രക്കാർക്കും കാണാവുന്ന തരത്തിലും തയ്യാറാക്കി തമിഴ് നാടിനോട് ചേർന്നു വരുന്ന അതിർത്തികളിൽ മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകളിലും കർണ്ണാടകയോട് ചേർന്ന സ്ഥലങ്ങളിൽ മലയാളം, ഇംഗ്ലീഷ്, കന്നഡ ഭാഷകളിലും എഴുതാവുന്നതാണ്. അതുപോലെ ലീഫ് ലെറ്റുകളിലും, ഇംഗ്ലീഷ്, മലയാളം എന്നിവ കൂടാതെ മറ്റൊരു ഭാഷ എന്ന നിലയിൽ എഴുതാവുന്നതാണ്. ഇത് കഴിയുന്നത്ര വേഗം നടപ്പാക്കി എടുക്കാൻ വേണ്ട നടപടികൾ റോഡ് സേഫ്റ്റി ആർ & ഡി ടീമും മറ്റു ഉദ്യോഗസ്ഥരും ഉടൻ തന്നെ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

റോഡ് സുരക്ഷാ കമ്മീഷണർ.

പകർപ്പ്:-

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ട്രാൻസ്ലേഷൻ)